# Request for the Cancellation of Circular of Director of Collegiate Education No.D4/12397/2020/DCE dated 27-04-2020 on the Implementation of G.O (Ms) No.155/2020/HEDN dated 01-04-2020-reg

Inbox

**KERALA PRIVATE COLLEGE MANAGEMENT ASSOCIATION** **<kpcma1960@gmail.com>**

Wed, May 6, 2020, 1:26 PM

to chiefminister, min.hedn, min.fin, hednmoffice, drthomasisaac, secy.hedu, dir.colledn, ad.dce, dd.dce, dydcektm, ddceernakulam, ddcecalicut, dydcek, M,
bcc: Dr.M.USMAN, bcc: kuriakose27359

No: KPCMA/CM-2/2020 06-05-2019

To

Shri.Pinarayi Vijayan

Hon.ble Chief Minister of Kerala

Sub: സംസ്ഥാനത്തെ എയ്ഡഡ് കോളെജുകളിലെ അദ്ധ്യാപകരുടെ ജോലി ഭാരം നിർണയിക്കുന്നതുമായി ബന്ധപ്പെട്ട് ഏപ്രിൽ 1-ന് ഉന്നത വിദ്യാഭ്യാസ വകുപ്പ്  പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കോളെജ് വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ  റദ്ദാക്കാൻ നിർദ്ദേശിക്കുന്നതിനുള്ള അപേക്ഷ

Ref :1.G.O (Ms) No.155/2020/HEDN dated 01-04-2020
2.Our previous request No.KPCMA/CM-1/2020 dated 03-04-2020
3.Circular No.D4/12397/2020/DCE dated 27.04.2020 of Director of Collegiate Education

സർ,

സൂചന 1 പ്രകാരം  സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് ഏപ്രിൽ 1-ന് പുറപ്പെടുവിച്ച ഉത്തരവ് പിൻവലിക്കുന്നതിനായി നടപടികൾ കൈക്കൊള്ളാൻ സൂചന 2 പ്രകാരം അങ്ങേക്ക് അപേക്ഷ സമർപ്പിച്ചിരുന്നതാണ്. പ്രസ്തുത അപേക്ഷയിൻമേൽ ഉചിതമായ നടപടികൾ കൈക്കൊള്ളാൻ ബന്ധപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച് കൊടുത്തതായി അങ്ങയുടെ ഓഫീസിൽ നിന്ന് അറിയിപ്പ് ലഭിക്കുകയുമുണ്ടായി. ഈ വിഷയം സംബന്ധിച്ച് മാനേജ്മെൻറ് അസോസിയേഷന് പുറമെ വിവിധ മാനേജ്മെൻറുകളും അങ്ങേക്ക്
പരാതികൾ സമർപ്പിക്കുകയുണ്ടായി.എന്നാൽ ഇക്കാര്യങ്ങളൊന്നും പരിഗണിക്കാതെ ഉത്തരവ് നടപ്പിലാക്കുന്ന നടപടികളുമായി സൂചന 3 പ്രകാരമുള്ള സർക്കുലർ വഴി ബഹു.കോളെജ് വിദ്യാഭ്യാസ ഡയറക്ടർ മുന്നോട്ട് പോകുകയാണ്.
ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

ഉത്തരവ് നടപ്പിലാക്കുന്നത് മൂലം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന രീതിയിൽ വൻതോതിൽ അദ്ധ്യാപക തസ്തികകൾ    നഷ്ടപ്പെടുമെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു..പി. ജി വെയ്റേറജ് എടുത്തു കളയുന്നത് മൂലം എണ്ണൂറോളം പി.ജി കോഴ്സുകളിലായി എയ്ഡഡ്
കോളെജുകളിൽ മാത്രം രണ്ടായിരത്തോളം അധ്യാപക തസ്തികകൾ നഷ്ടപ്പെടും.സർക്കാർ കോളെജുകളിലും സർവ്വകലാശാലാ പം ന
വകുപ്പുകളിലും നഷ്ടപ്പെടുന്ന തസ്തികകൾ ഇതിന് പുറമെയാണ്. സിംഗിൾ ഫാക്കൾട്ടിയടക്കം എല്ലാ വിഷയങ്ങളിലും  പുതിയ തസ്തികകൾ അനുവദിക്കാൻ 16 മണിക്കൂർ വർക്ക് ലോഡ് വേണമെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നത് വഴിയും അനേകം അധ്യാപക തസ്തികകൾ ഇല്ലാതാവും.ഇത് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ, വിശിഷ്യാ ബിരുദാനന്തര പഠനത്തിന്റെ
കുത്തനെയുള്ളനിലവാരത്തകർച്ചക്കിടയാക്കുമെന്നും അങ്ങയുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നു. എന്നാൽ ഈ വസ്തുതകൾ ഒന്നും പരിഗണിക്കാതെ, ലോക്ക് ഡൗൺ മറയാക്കി മാനേജ്മെന്റുകളുമായി യാതൊരു തരത്തിലുള്ള ചർച്ചകളും നടത്താതെ ഉത്തരവ് നടപ്പിലാക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുന്നതിലുള്ള ഞങ്ങളുടെ ശക്തമായ പ്രതിഷേധം അങ്ങയെ അറിയിക്കുകയാണ്.

ആയതിനാൽ സൂചന 2 പ്രകാരം ഞങ്ങൾ ചൂണ്ടിക്കാണിച്ച വസ്തുതകൾ പരിഗണിച്ച് കൊണ്ട് ,  സൂചന 1 പ്രകാരമുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവും ആയത് നടപ്പിലാക്കുന്നതിന് സൂചന 3 പ്രകാരമുള്ള കോളെജ് വിദ്യാഭ്യാസ ഡയറക്ടറുടെ  സർക്കുലറും അടിയന്തിര പ്രാബല്യത്തോടെ പിൻവലിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

എന്ന് ,

വിശ്വസ്തതയോടെ,

ഡോ.എം.ഇ.കുര്യാക്കോസ്  (പ്രസിഡന്റ് -9447101513)
ഡോ.എം.ഉസ്മാൻ  (ജനറൽ സെക്രട്ടറി -9447255581)

Copy to:

1. Dr.K.T.Jaleel,Honble Minister for Higher Education
2. Dr.Thomas Isaac,Hon.ble Minister for Finance
3. Dr.Usha Titus.I.A.S ,Principal Secretary, Higher Education
4. Director of Collegiate Education
5. Deputy Directors of Collegiate Education- Kollam/Kottayam/Ernakulam/Trichur/Calicut